**വിധവയായ ഉദ്യോഗസ്ഥയെ ഹീഡിപ്പിച്ചതിന് കേസ്**

30 [2363] *ശ്രീ. വി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-2-2005-ൽ തിരുവനന്തപുരത്തുള്ള സെൻട്രൽ ഗവൺമെന്റിന്റെ കീഴിലുള്ള ഏറാന്റി ക്രാഫ്റ്റ് ഓഫീസിൽ ജോലി ചെയ്യുന്ന വിധവയായ ഒരു സ്ത്രീയെ യു. പി.-ക്കാരനായ ഒരു സിംഗ് ഉപദ്രവിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് 17-2-2005-ൽ ദൃശ്യമാധ്യമങ്ങളിൽ വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) ഈ കേസിലെ വാദിയായ സ്ത്രീയേയും പ്രതിയായ സിംഗിനേയും 17-2-2005-ൽ മ്യൂസിയം പോലീസിൽ വിളിച്ചുവരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് മ്യൂസിയം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ഇ) ഈ കേസിലെ പ്രതിയായ സിംഗിന്റെ പേരിൽ എന്തെങ്കിലും പോലീസ് നടപടിയോ, ഡിപ്പാർട്ടുമെന്റൽ നടപടിയോ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിരുന്നു.

(സി) വാദിയേയും പ്രതിയേയും മ്യൂസിയം പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തിയിരുന്നു.

(ഡി) & (ഇ) ഇത് സംബന്ധിച്ച് 17-2-2005-ൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 57/05 നമ്പരിൽ സെക്ഷൻ 323, 294 (ബി) ആന്റ് 354 ഐ.പി.സി. പ്രകാരം വെള്ളയമ്പലം വാട്ടർ വർക്സ് കോമ്പൗണ്ടിലെ കരകൗശല വികസന കമ്മീഷണറേറ്റിലെ എച്ച്.പി.ഒ.എ.ബി. സിംഗിന് എതിരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ടിയാനെ അന്നേ ദിവസം തന്നെ അറസ്റ്റ് ചെയ്ത് മതിയായ ജാമ്യത്തിൽ വിട്ടിട്ടുള്ളതാണ്. ടി കേസ് അന്വേഷണാവസ്ഥയിലാണ്. ടിയാന്റെ പേരിൽ ഡിപ്പാർട്ടുമെന്റൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

**പത്രലേഖകനെ ഭീഷണിപ്പെടുത്തിയ സംഭവം**

31 [2366] *ശ്രീ. കെ. വി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃഭൂമി പത്രത്തിന്റെ ഒറ്റപ്പാലം ലേഖകൻ വി. ജെ. രാഹുലിനെ ബാറുടമകൾ വിൽപ്പനയ്ക്ക് എന്ന വാർത്തയും ചിത്രവും പ്രസിദ്ധീകരിച്ചതിന്റെ പേരിൽ ഒറ്റപ്പാലം പോലീസ് ഭീഷണിപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാലവേല സംബന്ധിച്ച പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

*ഉത്തരം*

(എ) ഇല്ല. എന്നാൽ മാതൃഭൂമി ലേഖകൻ ശ്രീ. വി. ജെ. റാഫിക്ക് ഒല്ലൂർ പോലീസ് നോട്ടീസ് നൽകിയെങ്കിലും ടിയാൻ ഇക്കാര്യത്തിന് സഹകരിച്ചിട്ടില്ലാത്തതാണ്.

(ബി) ഉണ്ട്. ഇക്കാര്യത്തിന് സൈമൻ മകൻ ശ്രീ. ജോസഫ് തെക്കുടൻ വീട്, കുരിയച്ചിറ എന്നയാൾ ജെ.എഫ്.സി.എം. III തൃശ്ശൂർ കോടതിയിൽ 2-2-2005 ന് സി.എം.പി. 577/2005 ആയി ബോധിപ്പിച്ച അന്യായത്തിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട്ടുകാരനായ നെടുഞ്ചേഴിയനും മറ്റ് കണ്ടാലറിയാവുന്നവർക്കുമെതിരായി ഒല്ലൂർ പി.എസ്. ക്രൈം 88/2005 യു/എസ് 341, 342, 34 ഐ.പി.സി. ആന്റ് സെക്ഷൻ 23 ആന്റ് 26 ഓഫ് കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് കമ്മീഷൻ ആക്ട് 2000 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നുണ്ട്. പ്രതികളെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ആവലാതിക്കാരൻ ടി കേസിന്റെ അന്വേഷണത്തിന് ഇതുവരെയും സഹകരിച്ചിട്ടില്ലാത്തതുമാണ്.

**പറമ്പിക്കുളം-ആളിയാർ നദീജല കരാർ**

32 [T 2375] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തമിഴ്നാട് സർക്കാരുമായി പറമ്പിക്കുളം-ആളിയാർ നദീജല കരാർ ഒപ്പുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ കരാർ നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് ദോഷം വരുത്തുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതെങ്ങനെ സംഭവിച്ചുവെന്നും അതിന് കാരണക്കാർ ആരെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത കരാർമൂലം നമ്മുടെ സംസ്ഥാനത്തിനുണ്ടായേക്കാവുന്ന ദോഷങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) ഇല്ല.

(ബി) ---- (ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly